പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3183 — 14/03/2018 ൽ മറുപടിയ്ക്ക്.

**വിനുവിന്റെ സുബിയെ സഹായിക്കുന്നതിനും ആശ്രിതനിയമനം നൽകുന്നതിനും നടപടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എ.എം.ആരിഫ് | | പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | 2013-മെയ് മാസം 21-ാം തീയതി ഇടമലയാർ കനാലിൽ ഒഴുക്കിൽപ്പെട്ട പെൺകുട്ടിയെ രക്ഷപ്പെടുത്തുന്നതിനിടയിൽ മരണപ്പെട്ട വിനുവിന്റെ ഭാര്യ ശ്രീമതി .സുബി (ചാലാക്കവീട്ടിൽ, നീലേശ്വരം ഗ്രാമ പഞ്ചായത്ത്, കാലടി വില്ലേജ്, ആലുവ) ബഹു.മുഖ്യമന്ത്രിയ്ക്ക് നൽകിയ അപേക്ഷയുടെ ഉള്ളടക്കം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച് എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ ; | (എ) | ശ്രീ.വിനുവിന്റെ ഭാര്യ ശ്രീമതി.സുബി നൽകിയ അപേക്ഷയുടെ അടിസ്ഥാനത്തിൽ 19/07/2013 തീയതിയിലെ സ.ഉ.(സാധാ)നം.നം. 4022/2013/റവ. ഉത്തരവ് പ്രകാരം ഒരു ലക്ഷം രൂപ ധനസഹായം നൽകിയിട്ടുണ്ട് . |
| (ബി) | സഹജീവിയുടെ ജീവൻ രക്ഷിക്കാനുള്ള ശ്രമത്തിനിടയിൽ സ്വന്തം ജീവൻ നഷ്ടപ്പെട്ട വിനുവിന്റെ ഭാര്യയും രണ്ട് പെൺകുട്ടികളും അനാഥരാകാനിടയായ സാഹചര്യം കണക്കിലെടുത്ത് ശ്രീമതി.സുബിയെ സഹായിക്കുന്നതിനും ആശ്രിതനിയമനം നൽകുന്നതിനും നടപടി സ്വീകരിക്കുമോ ; | (ബി) & (സി) | അത്തരം നിർദ്ദേശം പരിഗണനയിലില്ല. |
| (സി) | ഇത്തരത്തിലുള്ളവർക്ക് മുൻകാലങ്ങളിൽ ജോലി നൽകിയിട്ടുള്ള നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കുടുംബത്തിന്റെ ദയനീയാവസ്ഥ പരിഗണിച്ച് അനുകൂല തീരുമാനം കൈക്കൊള്ളുമോ ; വിശദമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ.